## കാറ്റഗറി നമ്പർ: 190/2020

15.05.2013 ലെ G.O. (MS) No. 53/2013/F&WLD, 23.08.2013 ലെ G.O. (MS) No. 80/2013/Forest എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കേരള സംസ്ഥാന സർവ്വീസിൽ വനം വകുപ്പിൽ ട്രൈബൽ വാച്ചർ തസ്തികയിലേയ്ക്ക് വനത്തെ മാത്രം ആശ്രയിച്ച കഴിയുന്ന ആദിവാസികൾക്കു വേണ്ടിയുള്ള പ്രത്യേക നിയമന പദ്ധതി പ്രകാരം പട്ടിക വർഗ്ഗക്കാർക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന തെരഞ്ഞെടുപ്പ്.

കേരള സംസ്ഥാന സർവ്വീസിൽ വനം വകുപ്പിൽ ട്രൈബൽ വാച്ചർ തസ്തികയിലേയ്ക്ക് വനത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഇതോടൊപ്പം ചേർത്തിരിക്കുന്ന അപേക്ഷാ ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1. | **വകുപ്പ്** | : | **വനം** |
| 2. | **ഉദ്യോഗപ്പേര്** | : | **ട്രൈബൽ വാച്ചർ** |
| 3. | **ശമ്പളം** | : | ₹8500 – 13210/- |
| 4. | **ഒഴിവുകളുടെ എണ്ണം** | : | വയനാട് – 02 |

കുറിപ്പ് :-(i) വനിതകൾക്കായി പ്രത്യേകം ഒഴിവുകൾ നീക്കി വെച്ചിട്ടില്ലാത്ത ജില്ലകളിലെ ഒഴിവുകളിൽ നിശ്ചിത എണ്ണം വനിതകൾക്കായി നീക്കി വെച്ചിട്ടുള്ളതാണ്.

(ii) ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് വനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗക്കാരായ ആദിവാസികൾക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(iii) 15.05.2013 ലെ (എം.എസ്) 53/13/F&WLD പ്രകാരം ഈ തസ്തികയുടെ തെരഞ്ഞെടുപ്പ് പട്ടികവർഗ്ഗത്തിൽപ്പെട്ട ആദിവാസികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ആയിരിക്കും. ഓരോ ജില്ലയിലേയ്ക്കും അതത് ജില്ലകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

**5. നിയമനരീതി** : വനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗ ആദിവാസികളിൽ നിന്നും നേരിട്ടുള്ള നിയമനം. പട്ടിക വർഗ്ഗത്തിൽപ്പെട്ട ആദിവാസികളായ വനിതകൾക്കും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

**കുറിപ്പ് :** (i) ആദിവാസി പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

(ii) വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

**6. പ്രായപരിധി : 01.01.2020 ൽ 18 (**പതിനെട്ട്**)** വയസ്സ് തികഞ്ഞിരിക്കേണ്ടതും 50 (അൻപത്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. പ്രായപരിധി സംബന്ധിച്ചുള്ള മറ്റാനുകൂല്യങ്ങളൊന്നും നൽകുന്നതല്ല.

**7. യോഗ്യതകൾ :** കേരളത്തിലെ വനാതിർത്തിയിലോ, വനത്തിലോ ഉള്ള ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആരോഗ്യവാൻമാരും, സാക്ഷരരും ആയ യുവതി യുവാക്കൾ ആയിരിക്കണം.

**കുറിപ്പ്:–** തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഫോറസ്റ്റ് സ്കൂളിലോ/ട്രെയിനിംഗ് സെന്ററിലോ മൂന്നു മാസത്തെ പരിശീലനം നൽകുന്നതായിരിക്കും.

**പ്രത്യേക ആനുകൂല്യങ്ങൾ** : റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ മുൻഗണന അവിവാഹിതരായ അമ്മമാരുടെ മക്കൾക്കും അതിനു ശേഷം വനം വകുപ്പിൽ താത്ക്കാലിക വാച്ചർമാരായി സേവനമനുഷ്ഠിക്കുന്നവർക്കും നൽകുന്നതാണ്.

**8. അപേക്ഷ അയയ്ക്കേണ്ട രീതി** : അതത് ജില്ലാ ആഫീസർമാരുടെ മേൽവിലാസത്തിൽ ഇതോടൊപ്പം നൽകിയിരിക്കുന്ന മാതൃകയിൽ വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയതോ, ടൈപ്പ് ചെയ്തതോ ആയ അപേക്ഷ അയയ്ക്കേണ്ടതാണ്. അപേക്ഷ ഫീസ് ഇല്ല. കവറിന്റെ മുകൾ ഭാഗത്ത് അപേക്ഷിക്കുന്ന തസ്തികയുടെ പേര്, വകുപ്പിന്റെ പേര്, കാറ്റഗറി നമ്പർ എന്നിവ എഴുതേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ പേരും, മേൽവിലാസവും കവറിന്റെ ഇടതു വശത്തും അപേക്ഷ അയയ്ക്കേണ്ട വിലാസം വലതു വശത്തും എഴുതേണ്ടതാണ്.

കുറിപ്പ്:– അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളും, അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളും വ്യാജമാണെന്ന് പിന്നീട് തെളിയുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ നിയമന ശിപാർശ നിരുപാധികമായി റദ്ദ് ചെയ്യുന്നതാണ്.

**അപേക്ഷയുടെ മാതൃക**

| | | | |
|---|---|---|---|
| 1 | തസ്തികയുടെ പേര് | : | |
| 2 | കാറ്റഗറി നമ്പർ | | |
| 3 | അപേക്ഷ സമർപ്പിക്കുന്ന ജില്ല | | |
| 4 | അപേക്ഷകന്റെ പേര് | : | |
| 5 | അപേക്ഷകന്റെ പിതാവിന്റെ /മാതാവിന്റെ/ രക്ഷകർത്താവിന്റെ പേര് | : | |
| 6 | അപേക്ഷകന്റെ ജനന തീയതി, വയസ്സ് (01.01.2020 ൽ 50 വയസ്സ് കവിയരുത്.) | : | |
| 7 | അപേക്ഷകന്റെ ജാതി | : | |
| 8 | സ്ത്രീയോ/പുരുഷനോ | : | |
| 9 | സ്ഥിരം മേൽവിലാസം | : | |
| 10 | യോഗ്യത | : | |
| 11 | വാച്ചറായി വനം വകുപ്പിൽ ജോലി ചെയ്തിട്ടുണ്ടോ? | : | ഉണ്ട്/ഇല്ല. |

| | | | |
|---|---|---|---|
| 12 | ഉണ്ടെങ്കിൽ എത്ര കാലം ജോലി ചെയ്തിട്ടുണ്ട് | : | |
| 13 | അവിവാഹിതരായ അമ്മയുടെ മകനോ, മകളോ ആണോ? | : | |

സ്ഥലം:

തീയതി: അപേക്ഷകന്റെ ഒപ്പ്

23.08.2013 ലെ സ.ഉ.(എം.എസ്) നമ്പർ : 80/13/ വനം പ്രകാരം അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.

1)) ജനനത്തീയതി/പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

2) അപേക്ഷകർ ഗിരി വർഗ്ഗക്കാരാണെന്ന് തെളിയിക്കുന്ന റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ്.

3) ഗിരി വർഗ്ഗ സെറ്റിൽമെന്റിൽ സ്ഥിരം താമസക്കാരനാണെന്ന് തെളിയിക്കുന്ന ഫോറസ്റ്റ് റേഞ്ചർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ്.

4)അപേക്ഷകർ നിലവിൽ വനം വകുപ്പിൽ വാച്ചറായി സേവനം അനുഷ്ഠിച്ച് വരുന്നതോ സേവനം അനുഷ്ഠിച്ചിരുന്നതോ എന്ന് തെളിയിക്കുന്ന റേഞ്ച് ഓഫീസറുടെയോ അതിനു മുകളിലോ ഉള്ള വനം വകുപ്പ് ഉദ്യോഗസ്ഥൻ നൽകുന്ന സർട്ടിഫിക്കറ്റ്.

5) അപേക്ഷകർ അവിവാഹിതരായ അമ്മമാരുടെ മക്കളാണെങ്കിൽ അക്കാര്യം ഫോറസ്റ്റ് റേഞ്ച് ആഫീസറോ, അതിന് മുകളിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ്

**9. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 23.12.2020 ബുധനാഴ്ച വൈകുന്നേരം 5 മണി വരെ**

**10. അപേക്ഷ അയയ്ക്കേണ്ട വിലാസം : ജില്ലാ ഓഫീസർ,**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്**
**രണ്ടാം നില, എം.ജി.ടി ബിൽഡിംഗ്**
**നോർത്ത് കൽപ്പറ്റ പി.ഒ**
**വയനാട് : 673 122**

കുറിപ്പ് :- അതാത് ജില്ലാ ആഫീസിലേയ്ക്കല്ലാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെയോ, അഡീഷണൽ സെക്രട്ടറിയുടെയോ, റീജിയണൽ ആഫീസറുടെയോ, ഡെപ്യൂട്ടി സെക്രട്ടറിയുടെയോ പേരിൽ അയയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

11. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിലെ റാങ്ക് അനുസരിച്ചും 15.05.2013 ലെ G.O (MS) No. 53/2013/F&WLD, 23.08.2013 ലെ G.O (MS) No. 80/13/Forest എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും ആയിരിക്കും.

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**